ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION



"നടത്തുന്നവൻ
പരിശുദ്ധാത്മാവോ മനുഷ്യനോ?"
(തിരുവചന ചിന്തകൾ)

JULY
2024

CONTENTS

- **തിരുവചന ചിന്തകൾ :**
  " നടത്തുന്നവൻ പരിശുദ്ധാത്മാവോ മനുഷ്യനോ?" Page - 03

- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ** Page - 10

നടത്തുന്നവൻ പരിശുദ്ധാത്മാവോ മനുഷ്യനോ? ?

(തിരുവചന ചിന്തകൾ)

ദൈവനാമത്തിൽ ആശ്രയിക്കുമ്പോഴും ദൈവവിശ്വാസത്തിൽ ശക്തിയോടെ മുൻപോട്ടു പോകുമ്പോഴും ചിലപ്പോഴെങ്കിലും മനുഷ്യൻ പരാജയപ്പെടുന്ന ഒരു ഇടമാണ് ദൈവപ്രവൃത്തികളുടെയും മാനുഷിക പ്രവർത്തനങ്ങളുടേയും വ്യത്യസ്തത സ്വയം തിരിച്ചറിയാതെ പോവുന്ന അവസ്ഥ.

ഒരു യജമാനൻ - ദാസൻ വ്യവസ്ഥയോ, ഉടമ - അടിമ വ്യവസ്ഥയോ അല്ല ദൈവവും നാമും തമ്മിൽ ഉള്ളത്. പ്രത്യുത ദൈവമക്കളെന്ന പദവിയാണ്. കർത്താവായ യേശുക്രിസ്തുമൂലം പിതാവാം ദൈവത്തിങ്കലേക്കു പ്രവേശനം ദൈവം നല്കിയിരിക്കയാൽ, തന്റെ നിറവായിരിക്കുന്ന പരിശുദ്ധാത്മാവിനെ നമ്മുടെമേൽ അയച്ചുകൊണ്ടു ദൈവം നമ്മിലൂടെ(ദൈവമക്കളിലൂടെ) ചെയ്തെടുക്കുന്ന ചെറുതും വലുതുമായ എല്ലാ പ്രവൃത്തികളുടേയും പൂർണ്ണ ഉത്തരവാദിത്വം ദൈവത്തിനു മാത്രമാണ്. അപ്പോൾത്തന്നെ മനുഷ്യരായ നമ്മിലൂടെ വെളിപ്പെട്ട ആ ദൈവീക പ്രവൃത്തികൾ നമ്മുടെ സ്വന്തമല്ല പ്രത്യുത, ദൈവം തന്റെ കൃപയുടെ മഹത്വം നമ്മിലൂടെ ജ്വലിപ്പിക്കുവാനായി നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു എന്നേയുള്ളൂ. അവിടെ, നമ്മുടെ കഴിവുകളോ പരിമിതികളോ ദൈവത്തിനു ഒരു തടസ്സമായിത്തീരുന്നില്ല. ദൈവത്തിൽ നാം ആശ്രയിച്ചു ചെയ്യുന്ന പ്രവൃത്തികളൊക്കെയും ദൈവം ആഗ്രഹിക്കുന്ന ഫലത്തിലേക്കു എത്തിക്കുന്നതും ദൈവം തന്നെയാണ്. ദൈവമക്കളെ ദൈവം ദൈവത്തിനായി തിരഞ്ഞെടുത്തിരിക്കുന്നു എന്നതിന്റെ അർത്ഥം ഇതാണ്.

തന്റെ സ്വന്ത ഏകജാതനായ യേശുവിലൂടെ നമ്മെ പാപത്തിൽനിന്നും വീണ്ടെടുത്ത ദൈവം നമ്മെ ഓരോരുത്തരെയും സ്വന്ത പുത്രന്മാരും പുത്രിമാരുമായി തീർത്തിരിക്കുന്നു. ഈ വീണ്ടെടുപ്പിന്റെ പ്രക്രിയയിലൂടെ ദൈവം നമ്മെ ആക്കിയിരിക്കുന്നത് ദൈവത്തിനുമുൻപാകെ ഏറ്റവും വിലയേറിയ പദവിയായ 'പുത്രത്വം' എന്ന പദവിയിലേക്കാണ്. അതിലും

ശ്രേഷ്ഠമേറിയ മറ്റൊരു പദവി ദൈവത്തിനു നമുക്കായി നൽകുവാൻ കഴിയുകയില്ല. കാരണം ആ പദവി ആദിയിൽ ഒരുവനു മാത്രം അവകാശമായിരുന്ന പദവിയായിരുന്നു. നമ്മുടെ കർത്താവും രക്ഷകനുമായ യേശുവിനു മാത്രം. എന്നാൽ ആ യേശു തന്റെ പിതാവിനെ മഹത്വപ്പെടുത്തികൊണ്ടു മനുഷ്യന്റെ വീണ്ടെടുപ്പിനായി തന്നെത്താൻ ഏല്പിച്ചുകൊടുത്തപ്പോൾ, പുത്രനായ യേശു മഹത്വപ്പെടേണ്ടതിനായി, പാപികളായിരുന്ന നാം ഓരോരുത്തരും യേശുവിന്റെ അതേ പദവിയായ പുത്രത്വം പ്രാപിച്ചു. ഈ പുത്രത്വം പിതാവിന്റെ കൃപയാലുള്ള ദാനവും യേശുവിലൂടെയുള്ള രക്ഷാകരപദ്ധതിയുടെ പൂർത്തീകരണവും ആയിരുന്നു. അവർണ്ണനീയമായ ഈ വീണ്ടെടുപ്പിനായി സ്തോത്രം!

നമ്മിൽനിന്നും പുറപ്പെടുന്ന ഒരു വാക്കോ നോട്ടമോ പോലും ദൈവനാമത്തിനു മഹത്വം വരുമാറു ദൈവം ഉപയോഗിച്ചേക്കാം. അത് കേൾക്കുന്നവർക്ക് (ലഭിക്കുന്നവർക്കു) ആശ്വാസമായും ജീവനായും തീർന്നേക്കാം. എന്നാൽ ആരാണ് അവയെലാം ചെയ്യുവാനായി നമ്മെ തിരഞ്ഞെടുത്തത് ? ആരാണ് ആ കാര്യങ്ങൾക്കായി നമ്മെ നിയോഗിച്ചതും പ്രാപ്തരാക്കിയതും നമ്മിലൂടെ പ്രവൃത്തി പൂർണ്ണമാക്കിയതും ? ദൈവം മാത്രം! അപ്പോൾ, ആ മഹത്വത്തിനും പുകഴ്ചയ്ക്കുമെല്ലാം യോഗ്യനായവൻ ദൈവം മാത്രമാണ്

റോമർ 11 33-36
33.ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവു എന്നിവയുടെ ആഴമേ! അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു.
34. കർത്താവിന്റെ മനസ്സു അറിഞ്ഞവൻ ആർ?
35.അവന്നു മന്ത്രിയായിരുന്നവൻ ആർ? അവന്നു വല്ലതും മുമ്പെ കൊടുത്തിട്ടു പ്രതിഫലം വാങ്ങുന്നവൻ ആർ?
36.സകലവും അവനിൽനിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ; അവന്നു എന്നേക്കും മഹത്വം ആമേൻ.

ഏതൊരു ദൈവീക മർമ്മവും ആയിക്കൊള്ളട്ടെ, അത് നാമല്ല ദൈവത്തെ പറഞ്ഞു ധരിപ്പിക്കുന്നതും ഗ്രഹിപ്പിക്കുന്നതും. ആ ആലോചന ദൈവീകമെന്നു വരികിൽ ദൈവം അത് നമ്മെ ഗ്രഹിപ്പിക്കുകയും അതേ ആലോചനകൾ / ദർശനങ്ങൾ പൂർത്തീകരിക്കുവാൻ ദൈവം നമ്മെ ഒരുക്കുകയാണ് ചെയ്യുന്നത്.

എന്നാൽ ആ ഒരുക്കത്തിന്റെ എല്ലാ നിലകളിലും ദൈവീക സമാധാനം അതിൽ പങ്കാളികളാവുന്ന ഓരോരുത്തരിലും നിറയും. അതാണ് ക്രിസ്തുവിലുള്ള സദ്വാർത്തയുടെ ശക്തി. എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരുടെ ഉള്ളംകത്തികൊണ്ടിരുന്നു എന്ന് പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയ സംഭവം ചിന്തിക്കുക (ലൂക്കോസ് 24 : 13-33). ഏതൊരു ദൈവീക മർമ്മവും പൊരുളും തുറക്കപ്പെടുമ്പോൾ (പൊരുൾ തിരിച്ചു കൊടുക്കപ്പെടുമ്പോൾ) മാനുഷികനിർമിതമല്ലാത്ത ദൈവീക സമാധാനം എല്ലാ ഹൃദയങ്ങളിലും നിറയും.
ഗമാലിയേൽ പറയുന്നത് പരിശുദ്ധാത്മാവ് ഇപ്രകാരം എഴുതിയിരിക്കുന്നു.

പ്രവൃത്തികൾ 5 38-39
38. ആകയാൽ ഈ മനുഷ്യരെ വിട്ടു ഒഴിഞ്ഞുകൊൾവിൻ എന്നു ഞാൻ നിങ്ങളോടു പറയുന്നു; ഈ ആലോചനയോ പ്രവൃത്തിയോ മാനുഷം എന്നു വരികിൽ അതു നശിച്ചുപോകും;
39. ദൈവീകം എങ്കിലോ നിങ്ങൾക്കു അതു നശിപ്പിപ്പാൻ കഴികയില്ല; നിങ്ങൾ ദൈവത്തോടു പോരാടുന്നു എന്നു വരരുതല്ലോ എന്നു പറഞ്ഞു.

രക്ഷകനായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള സദ്വാർത്ത അറിയിച്ച അപ്പോസ്തോലന്മാരെയും ശിഷ്യന്മാരെയും ലോകം മരണത്തിനു വിധിച്ചുവെങ്കിലും അവർ പ്രസംഗിച്ച സത്യസുവിശേഷം ദൈവീകമായതിനാൽ ആർക്കും തടഞ്ഞുവയ്ക്കുവാൻ കഴിയാത്തവണ്ണം ശക്തിയോടെ ലോകത്തിലെങ്ങും പ്രസംഗിക്കപ്പെട്ടു, ഇന്നും പ്രസംഗിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അതേസമയം, ക്രിസ്തുവിനെക്കൂടാതെയുള്ള സുവിശേഷഘോഷണം ഫല-പ്രാപ്തിയിലെത്തുകയുമില്ല.

വാക്കുകൾ അവസാനിച്ചിട്ടും സകല ജനത്തിലേക്കും നിത്യജീവൻ പകരുവാൻ യേശുക്രിസ്തുവിന്റെ യാഗത്തിനുകഴിഞ്ഞു. എന്നാൽ, നിർഭാഗ്യവശാൽ ഇന്നും യേശുവിൽ വിശ്വസിക്കുന്ന നാം വാക്കുകളുടെ പെരുപ്പത്താൽ ദൈവീകജീവനെ നൽകുവാൻ വൃഥാ അദ്ധ്വാനിക്കുന്നു. തിരുവചനഘോഷണം ക്രിസ്തുകേന്ദ്രികൃതമായിത്തീരട്ടെ

ദൈവമക്കളെന്ന പദവിയിൽ നമ്മെ ഈ ഭൂമിയിൽ നിലനിർത്തുന്നത് ദൈവീക കൃപയും പരിശുദ്ധാത്മ ശക്തിയുമാണ്. ഈ ഭൂമിയിൽ ഇതേപദവിയിൽ നിന്നുകൊണ്ട് സ്വർഗ്ഗീയ ഇഷ്ടങ്ങൾ (ദൈവഹിതം)

ചെയ്തെടുക്കുവാൻ മേൽപ്പറഞ്ഞ ദൈവകൃപയും പരിശുദ്ധാത്മ ശക്തിയും ഏറെ ആവശ്യമാണ്.

ക്രിസ്തു യേശുവിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുവാനും സദാ ദൈവത്തോട് കൂടെ വസിക്കുവാനുമായി ദൈവീക ദാനമായ 'കൃപ' നമ്മിലേക്ക് സദാകാലവും ഒഴുകിക്കൊണ്ടിരിക്കുന്നു. നിലയ്ക്കാത്ത ഒരു സ്വർഗ്ഗീയ പ്രവാഹമാണ് ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം 'ദൈവകൃപ' എന്നത്. ഈ കൃപ എല്ലായ്പ്പോഴും നമ്മെ ക്രിസ്തുബോധത്തിൽ വളർത്തുകയും നിലനിർത്തുകയും ചെയ്യുന്നു. സ്വർഗ്ഗീയ ജ്ഞാനത്തെ തുറന്നു നൽകുന്നത് ഈ കൃപയാണ്. ഈ കൃപയുടെ തുടച്ചയായി പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളുടെ ഒഴുക്കും ദൈവമക്കളിൽ ദാനമായി ലഭിക്കുന്നു. സകലത്തിന്റെയും ഉടമയും ദാതാവും ദൈവമാകയാൽ സകല മഹത്വവും ദൈവത്തിനു മാത്രം!

1 കൊരിന്ത്യർ 15 : 9-10
9 ഞാൻ അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറിയവനല്ലോ; ദൈവസഭയെ ഉപദ്രവിച്ചതിനാൽ അപ്പൊസ്തലൻ എന്ന പേരിന്നു യോഗ്യനുമല്ല.
10 എങ്കിലും ഞാൻ ആകുന്നതു ദൈവകൃപയാൽ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല; അവരെല്ലാവരെക്കാളും ഞാൻ അത്യന്തം അദ്ധ്വാനിച്ചിരിക്കുന്നു; എന്നാൽ ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ.

രണ്ടാമത്തേതാകട്ടെ പരിശുദ്ധാത്മാവിൻറെ പ്രവർത്തിയെ-ക്കുറിക്കുന്നതാണ്. ദൈവ വചനം മുന്പോട്ടുവയ്ക്കുന്ന പദമായ Paráкletos (പാരാക്ളീറ്റോസ്) അഥവാ സത്യത്തിന്റെ ആത്മാവ് എന്ന കാര്യസ്ഥനായ പരിശുദ്ധാത്മാവ്, മനുഷ്യനിൽ (ദൈവമക്കളിൽ) ചെയ്യുന്ന പ്രവൃത്തികൾ വിപുലവും അത്ഭുതാവഹവുമാണ്.

5 Roles & 5 Functions
പരിശുദ്ധാത്മാവ് ചെയ്യുന്ന ചില പ്രവർത്തനങ്ങളെ 5 Roles & Functions ആയി ചിന്തിക്കാം. ഈ 5 റോളുകളും വ്യത്യസ്ത മേഖലകളിലാണ് പ്രവർത്തിക്കപ്പെടുന്നത്. ഉദാഹരണമായി, ദൈവത്തിനും മനുഷ്യനുമിടയിൽ ഒരു അഭിഭാഷകനായി പരിശുദ്ധാത്മാവ് നിലകൊള്ളുന്നു. മനുഷ്യനും മനുഷ്യനുമിടയിൽ, മനുഷ്യർക്കും ദൈവത്തിനുമിടയിൽ,

മനുഷ്യനുള്ളിൽത്തന്നെ (ദേഹിക്കും (soul) ആത്മാവിനുമിടയിൽ (spirit)) അപ്രകാരം ദൈവാത്മാവ് നമ്മെ ദിനവും നടത്തുന്നു.

റോമർ 8:14.
14. ദൈവാത്മാവു നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു.

5 Roles
1. Advocate (അഭിഭാഷകൻ)
2. Helper (സഹായകൻ)
3. Intercessor (ഇടിവിൽ നിൽക്കുന്നവൻ)
4. Mediator (മദ്ധ്യസ്ഥൻ)
5. Encourager (പ്രോത്സാഹിപ്പിക്കുന്നവൻ/ കരുത്തു പകരുന്നവൻ)

5 Functions
1.വരുവാനുള്ളവയെക്കുറിച്ചു മുൻകൂട്ടി അറിയിക്കുന്നവൻ / അവയെ പ്രസ്താവിക്കുന്നവൻ
2.സകല സത്യത്തിലും നമ്മെ വഴി നടത്തുന്നവൻ
3.ക്രിസ്തുവിനെ മഹത്വപ്പെടുത്തുന്നവൻ
4. യേശു പറഞ്ഞ സകലവും നമ്മെ ഓർമ്മിപ്പിക്കുന്നവൻ
5.പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധ്യം വരുത്തുന്നവൻ

Parákletos (പാരാക്ളീറ്റോസ്) അഥവാ സത്യത്തിന്റെ ആത്മാവ് എന്ന പദം നാം കാണുന്ന യോഹന്നാന്റെ വചനഭാഗങ്ങളിലേക്കു നോക്കാം.

യോഹന്നാൻ 14 :15-17
15.നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും.
16.എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവു എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിന്നു നിങ്ങൾക്കു തരും.
17. ലോകം അവനെ കാണുകയോ അറികയോ ചെയ്യായ്കയാൽ അതിന്നു അവനെ ലഭിപ്പാൻ കഴികയില്ല; നിങ്ങളോ അവൻ നിങ്ങളോടു കൂടെ വസിക്കയും നിങ്ങളിൽ ഇരിക്കയും ചെയ്യുന്നതുകൊണ്ടു അവനെ അറിയുന്നു.

യോഹന്നാൻ 14 : 26.
26 എങ്കിലും പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും.

യോഹന്നാൻ 16 :7-11
7.എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും.
8.അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന്നു ബോധം വരുത്തും.
9. അവർ എന്നിൽ വിശ്വസിക്കായ്കകൊണ്ടു പാപത്തെക്കുറിച്ചും
10.ഞാൻ പിതാവിന്റെ അടുക്കൽ പോകയും നിങ്ങൾ ഇനി എന്നെ കാണാതിരിക്കയും ചെയ്യുന്നതുകൊണ്ടു നീതിയെക്കുറിച്ചും
11.ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കകൊണ്ടു ന്യായവിധിയെക്കുറിച്ചും തന്നേ.

മേലുദ്ധരിച്ച 5 Roles & 5 Functions ഒരിക്കലും മനുഷ്യൻ തന്റെ കഴിവുകൾകൊണ്ടോ അദ്ധ്വാനംകൊണ്ടോ ചെയ്തു തീർക്കേണ്ടുന്നവയല്ല, പ്രത്യുത, ദൈവാത്മാവിൻറെ പ്രവൃത്തിക്കുവേണ്ടി വിട്ടുകൊടുക്കേണ്ടവയാണ്. ഭൂമിയിലോ സ്വർഗ്ഗത്തിലോ ദൈവം ചെയ്തുകൊണ്ടിരിക്കുന്നതും ഇനിമേൽ ചെയ്യുവാൻ പോകുന്നതുമായ കാര്യങ്ങൾ മനുഷ്യനെ ഭരമേല്പിക്കുകയില്ല. എന്നാൽ ഭൂമിയിൽ ദൈവം മനുഷ്യനിൽകൂടി ചെയ്യുവാൻ ആഗ്രഹിക്കുന്ന പ്രവൃത്തികളുണ്ട്. അവ ചെയ്യുവാൻ ദൈവം എന്നെയും നിങ്ങളെയും ഒരേപോലെ വിളിക്കുന്നു. യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട നാം ഓരോരുത്തരും യേശുവിനാൽ മാത്രമാണ് സ്വർഗത്തിലേക്ക് refer ചെയ്യപ്പെട്ടിട്ടുള്ളത്. അതായതു, മറ്റു യാതൊരു qualifications ഉം സ്വർഗ്ഗീയ പ്രവേശനത്തിന് നമ്മെ അധികം യോഗ്യരാക്കുകയില്ല. പ്രവൃത്തിയിലൂടെ നാം നീതികരിക്കപ്പെടുകയില്ല. യേശുക്രിസ്തുവിലെ വിശ്വാസം നമ്മെ വീഴാതെ താങ്ങിനിറുത്തുമാറാകട്ടെ. ഭൂമിയിൽ നാം എന്തെല്ലാം ചെയ്താലും അവയുടെ സകല മഹത്വവും പുകഴ്ചയും ദൈവത്തിനുമാത്ര-മായിരിക്കണം. അതിനർത്ഥം നാം സകലവും ചെയ്ത ശേഷം ദൈവത്തിന്റെ പേരുപറയണം എന്നതല്ല,

മറിച്ചു ദൈവമാഗ്രഹിക്കുന്നതു മാത്രം ചെയ്തുകൊണ്ട് ഭൂമിയിൽ സ്വർഗ്ഗീയ നിക്ഷേപങ്ങളെ പണിയണം എന്നതത്രേ. അവയ്ക്കു ദൈവത്താൽ തേജസ്സും മഹത്വവും വരുവാൻ കാരണമാകും.

നമുക്കു പ്രാർത്ഥിക്കാം
ദൈവമേ നിന്റെ ഹിതത്തിന്റെ ഇഷ്ടത്തിൽ എല്ലാ നാളും വസിപ്പാൻ അടിയനെ പ്രാപ്തനാക്കേണമേ. അങ്ങ് ആഗ്രഹിക്കുന്നവ ഈ ഭുമിയിൽചെയ്തുകൊണ്ടു സ്വർഗ്ഗീയ ആനന്ദം അനുഭവിക്കാൻ അങ്ങ് എന്നെ ശക്തീകരിക്കേണമേ. എന്റെ വാക്കിനാലും പ്രവൃത്തിയാലും മറ്റു മനുഷ്യർ സന്തോഷിക്കുന്നുവെങ്കിൽ ആശ്വാസം കണ്ടെത്തുന്നുവെങ്കിൽ അത് സകലവും ദൈവത്തിന്റേതെന്നു എണ്ണുവാൻ എന്നെ പരിശീലിപ്പിക്കേണമേ. ഞാനല്ല സകലവും എന്റെമേൽ പകർന്ന കൃപയെന്നു പറയുവാൻ എന്റെ ഹൃദയത്തെയും നാവിനെയും പഠിപ്പിക്കേണമേ. സകല മാനവും സ്തുതിയും പുകഴ്ചയും ദൈവത്തിനുമാത്രം. ആമേൻ.

-ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ

ദൈവം മനുഷ്യന് നൽകിയ ജീവിതത്തിൽ സമയത്തെ നഷ്ടപ്പെടുത്തിക്കളയുവാൻ വഴികൾ കൊടുത്തിരുന്നില്ല. എന്നാൽ 'ബുദ്ധിമാനായ മനുഷ്യൻ' ദൈവം ഈ ഭൂമിയിൽ നൽകിയ സമയത്തെ എങ്ങനെ നഷ്ടപ്പെടുത്തിക്കളയാമെന്നുള്ള വഴികൾ സ്വയം നിർമ്മിച്ചും സൃഷ്ടിച്ചും യഥേഷ്ടം ഇന്നും ജീവിക്കുന്നു.

God did not provide ways to waste time in the life given to humans. But, the 'wise human' has created and invented ways to waste the time given by God on this earth and continues to live as he pleases even today.

- Divine Hope Missionaries (Bristol,UK)

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL